# വെണ്മ

2020

## ലിറ്റിൽ കൈറ്റ്സ് 2019-20



**ഗവ: ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ്**
**തലശ്ശേരി**

# പെണ്മ

## ഡിജിറ്റൽ മാഗസിൻ 2020

### പത്രാധിപ:

ചന്ദന സി രഞ്ജിത്ത്, IX B

### പത്രാധിപ സമിതി.

ഷിയോണ സജിത്ത് X C
അഞ്ജു ബി. എസ് X C
ഹിബ ഫാത്തിമ കെ.വി. X B
എസ് അനുഷ ഷേണായ് X C
ഫാത്തിമ ലബീബ പി.കെ.X B
ഫാത്തിമത്തുൽ മുസമില്ല X B
ഫിസ എം ഫിറോസ് X C
നേഹ പി X C

**ലിറ്റിൽ കൈറ്റ്സ്**
**ഗവ:ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ്**
**തലശ്ശേരി**

# ആശംസ


**വി ദയാനന്ദൻ**
**ഹെഡ്മാസ്റ്റർ**



തലശ്ശേരി ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് അംഗങ്ങൾ, പഠനസമയങ്ങളിലെ ഇടവേളകളിൽ അവരുടെ ഭാവനയിൽ വിരിഞ്ഞ വരകളും അക്ഷരങ്ങളും സമാഹരിച്ച് അധ്യാപകരുടെ കൂടി സഹകരണത്തോടെ പെൺമ എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. വിവരസാങ്കേതികവിദ്യയിൽ വളർന്നുവരുന്ന തലമുറയിലെ പ്രതിഭകളുടെ കൈയൊപ്പു പതിഞ്ഞ ഈ മാഗസിൻ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് നല്ലൊരു തുടക്കവും പ്രോത്സാഹനവുമാവട്ടെ എന്ന് ആശംസിക്കുന്നു.

നവസാങ്കേതികവിദ്യയുടെ
വർത്തമാന കാലത്തിൽ
വായനയുടെ പുതിയ
മേച്ചിൽപ്പുറം തേടുന്ന
ഇക്കാലത്ത് ഇതാ,
പെണ്ണെഴുത്തിന്റെ
ഒരു കൊച്ചു മാഗസിൻ...
ഞങ്ങൾ സമർപ്പിക്കുന്നത്
വായനയുടെ
കടലാസു തുണ്ടുകളല്ല;
മറിച്ച് എതു നിമിഷവും
എക്കാലത്തും വായിക്കാവുന്നതും
ചിതലരിക്കാത്തതും
നിറം മങ്ങാത്തതുമായ
ഡിജിറ്റൽ മാഗസിനാണ്.
സ്വീകരിച്ചാലും...

# പേജുകളിൽ




| | | |
|---|---|---|
| അവസാനശ്വാസം | ശിവാനി പി എം | 8 |
| പ്രളയം നൽകിയ പാഠങ്ങൾ | നിദ നൗഷാദ് | 9 |
| A Sparkling Star | Shiyona Sajith | 10 |
| അമ്മയുടെ ശാപം | ശിവാനി പി എം | 11 |
| മരണം കാത്തു കിടക്കുന്നവർ | ഫാത്തിമത്ത് സുഹ | 13 |
| चट्कुले | नैना | 14 |
| ചുമരുകൾ | കാർത്തിക മനോജ് | 16 |
| A Horrible Night | Shiyona Sajith | 17 |
| വർഷങ്ങൾക്കു ശേഷം | ഷിബില ഷിറിൻ | 18 |
| कोई लाके मुझे दे | नैना | 20 |
| ദ്രോഹിക്കാതിരിക്കുക | നിവേദിത എം | 21 |
| Drugs Abuse | Shiyona Sajith | 23 |
| അസ്തമയം | ഹിബ ഫാത്തിമ | 26 |
| घमंडी पेड | मैत्रेयी | 27 |

# എഡിറ്റോറിയൽ

## സമയം പാഴാക്കാതിരിക്കുക



ചന്ദന സി രഞ്ജിത്ത്

സമയത്തെക്കുറിച്ചുള്ള ബോധം ജീവിതത്തെക്കുറിച്ചുള്ള ജാഗ്രതയാണ്. ജീവിതം വിജയപ്രദമാക്കുന്നതിന് സമയം വേണ്ടപോലെ ഉപയോഗിക്കാൻ പഠിക്കണം. സമയം ആരെയും കാത്തുനില്ക്കാറില്ല. അതിന് അതിന്റേതായ താളം ഉണ്ട്. അതിനനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണം. ലക്ഷ്യബോധമുള്ളവർ ഒരിക്കലും സമയം നഷ്ടപ്പെടുത്തകയില്ല. സമയബോധമുള്ളവര്ക്ക് ഒരിക്കലും നഷ്ടബോധം ഉണ്ടാവുകയുമില്ല. നമുക്ക് ലഭിച്ചിട്ടുള്ള സമയപരിധി പരമാവധി ഉൽപാദനക്ഷമമായ വിധത്തിൽ ചെലവഴിക്കാൻ കഴിയണം. സമയത്തിന്റെ വില അറിഞ്ഞവരാണ് മഹാന്മാർ. അവർ തങ്ങളുടെ സമയത്തെ നന്നായി വിനിയോഗിച്ചു. ബാല്യത്തിലെ പ്രസരിപ്പിനെക്കുറിച്ച് യൗവ്വനത്തിലും യുവത്വത്തിലെ സജീവതയെക്കുറിച്ച് വാർധക്യത്തിലും ആലോചിക്കുന്നവർ കഴിഞ്ഞുപോയ സമയം എന്നത് ഒരിക്കലും തിരിച്ചുകിട്ടാത്ത ജീവിതമാണെന്ന് മറക്കാതിരിക്കുക. നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുവെങ്കിൽ സമയം പാഴാക്കാതിരിക്കുക. സമയത്തെ ഏറ്റവും നന്നായി വിനിയോഗിക്കുക. ലഭ്യമായ സമയത്തിനനുസ്സരിച്ച് നിങ്ങളുടെ പദ്ധതികൾ ചിന്തിച്ചാവിഷ്കരിക്കുക. ചിന്തകൾ പ്രവൃത്തിയിലേക്കും പ്രവൃത്തികൾ ശീലങ്ങളിലേക്കും ശീലങ്ങൾ സ്വഭാവത്തിലേക്കും സ്വഭാവങ്ങൾ അവനവന്റെ വിധിയിലേക്കും നയിക്കും.

-എഡിറ്റർ

# ഗവ: ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, തലശ്ശേരി

**ഉ**ത്തര കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനവും കൊളോണിയൽ കാലത്ത് കാസറഗോഡ് മുതൽ പാലക്കാട് വരെ വ്യാപിച്ചു കിടന്ന മലബാർ ജില്ലയുടെ തലസ്ഥാനവുമായിരുന്ന പൈതൃകനഗരം... ക്രിക്കറ്റിന്റെയും കേക്കിന്റെയും കളരിയുടെയും സർക്കസിന്റയും പെരുമ കേരളത്തിനു നൽകിയ നാട്... ദിനപത്രവും നിഘുവും നോവലും ചെറുകഥയും ആദ്യം നൽകി മലയാള ഭാഷയെയും സാഹിത്യത്തെയും ധന്യമാക്കിയ തലശ്ശേരി.. മഹാത്മാക്കളായ ഹെർമ്മൻ ഗുർട്ടിന്റെയും എഡ്വേഡ് ബ്രണ്ണന്റെയും കർമ്മഭൂമി.. ചന്തുമേനോൻ, സഞ്ജയൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, കീലേരി കുഞ്ഞിക്കണ്ണൻ, മൂർക്കോത്ത് രാമുണ്ണി, കെ രാഘവൻ... –കേരള ചരിത്രത്തിൽ തലശ്ശേരിയുടെ മുദ്ര പതിപ്പിച്ചവർ അനവധി...

ചരിത്രത്തിന്റെ തിരുശേഷിപ്പുകളായ തലശ്ശേരിക്കോട്ടയ്ക്കും ഓവർബറീസ് ഫോളിക്കും ഗുർട്ട് ബംഗ്ലാവിനും കടൽപ്പാലത്തിനും വിളിപ്പാടകലെ തലശ്ശേരിയുടെ ഹൃദയഭൂമിയിൽ 1890 ൽ സ്ഥാപിതമായ വിദ്യാലയമാണ് ഗവ: ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, തലശ്ശേരി.

തലശ്ശേരിയിലെ പ്രശസ്ത മുസ്ലിം തറവാട്ടുകാരായ കേയീ കുടുംബം പെൺകുട്ടികളുടെ പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസഉന്നമനത്തിന് വഹിച്ച പങ്ക് വളരെ വലുതാണ്. സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നാക്കമായിരുന്ന 1890 കളിൽ കേയി തറവാട്ടുകാർ ഡിസ്ട്രിക്ട് ബോർഡിന് സൗജന്യമായി നൽകിയ സ്ഥലത്ത് ഈ വിദ്യാലയം, പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു ബോഡിംഗ്ലോവർ പ്രൈമറി വിദ്യാലയമായി തുടക്കം കുറിച്ചു.
കുറച്ചു കാലത്തിനു ശേഷം മിക്സഡ് ലോവർ പ്രൈമറിയായും പ്രവർത്തിച്ചു. 1950–ൽ പെൺകുട്ടികളുടെ ബോർഡിംഗ് ട്രെയിനിംഗ് വിദ്യാലയമായി ഉയർത്തപ്പെട്ടു.

1957–ൽ ഒന്നാം കേരള മന്ത്രിസഭ രൂപീകൃതമായതോടെ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ പ്രവർത്തിച്ചു വന്ന തലശ്ശേരിയിലെ പല വിദ്യാലയങ്ങളും ഗവൺമെന്റ് ഏറ്റെടുത്തു. ഇക്കൂട്ടത്തിൽ ഈ വിദ്യാലയവും ഗവൺമെന്റ് അധീനതയിലായി. തുടർന്ന് ഈ വിദ്യാലയം ഗവ: ഹൈസ്കൂൾ ഫോർ ഗേൾസ് എന്ന് നാമകരണം ചെയ്യപ്പെട്ടു. ഒരു നൂറ്റാണ്ടിലധികമായി തലശ്ശേരിയിലെയും പരിസര പ്രദേശങ്ങളിലെയും സാമൂഹിക മായും സാമ്പത്തികമായും ഏറ്റവും താഴേത്തട്ടിലുള്ള മത്സ്യ ത്തൊഴിലാളികളുടെയും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വരുടെയും സ്ത്രീ വിദ്യാഭ്യാസ ഉന്നമനത്തിൽ ഈ സ്ഥാപനം പ്രമുഖ പങ്ക് വഹിച്ചുവരുന്നു. 2004 –ൽ ഈ വിദ്യാലയത്തിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു. തുടക്കത്തിൽ സയൻസ്, ഹ്യുമാനിറ്റീസ് വിഭാഗവും 2006 ൽ കൊമേഴ്സ് വിഭാഗവും ആരംഭിച്ചു. ഇന്ന് ഇവിടെ ഇംഗ്ലീഷ്/മലയാളം മീഡിയം ഡിവിഷനുകളിലായി 825 വിദ്യാർത്ഥികൾ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി അധ്യയനം നടത്തുന്നുണ്ട്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി എസ്എസ്എൽസി യിൽ സമ്പൂർണ്ണ വിജയവും ഹയർ സെക്കന്ററിയിൽ മികവാർന്ന വിജയവും കൈവരിച്ചിട്ടുണ്ട്. ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്നതോടൊപ്പം പെൺകുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും സ്വയംരക്ഷയ്ക്കും ഉതകുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.




# അവസാന ശ്വാസം

കവിത

ശിവാനി പി എം X C



നിന്നോടെന്തിനി മൊഴിയണമെന്നറിവീല
കണ്ണടച്ചാലുമിരുൾ, കൺതുറന്നാലുമിരുൾ.
ഇരുളിൻ നടുവിലെ ചുമരിൽ ഞാൻ.
സ്വാതന്ത്ര്യത്തെ വാതിൽ കൊട്ടിയട
ച്ചെന്നിൽ നിന്നും തട്ടി മാറ്റി.
കൂട്ടിലടച്ച കുഞ്ഞു പക്ഷിയെപ്പോലെ ഞാൻ
ഇരുളിൻ ചുമരിൽ തേങ്ങുന്നു.
നാളെയെന്ന സ്വപ്നത്തെ യാർത്തി മാറ്റി
മണ്ണോടലിയുന്നു ഞാൻ
ഓർമ്മകൾ വേട്ടയാടീടുമ്പോൾ
നീയിന്നെന്തിനെന്നെ തേടി വന്നു?
ഹൃത്തിൽ തംബുരു മീട്ടിയവളെൻ
മനസ്സിൻ താളം തെറ്റിച്ചു.
അവളെൻ കാതിൽ ആശ്വാസവാക്കുകൾ മന്ത്രിച്ചു.
നാളെയെന്നൊരു സ്വപ്നം പൊട്ടിയടർന്ന
മുത്തുകൾ പോലെൻ
കവിൾത്തടങ്ങളെ തഴുകിയൊഴുകി.
ഓർമ്മകൾ ഓർമ്മകൾ നിറയുന്നെൻ മാനസത്തിൽ
ഒന്നിനി കണ്ണോടിക്കാനെനിക്കെന്തൊരു മോഹം
മഞ്ഞുരുകും പോലെൻ മനസ്സുരുകുന്നു.
ജയിലിൻ കുരുക്കുകളെൻ ശിരസ്സിനെ
കൊലക്കയറായ് ഞെരിക്കുന്നു.
സ്വപ്നങ്ങളെ കെട്ടിമുറുക്കി ഞാൻ...
നാലു ചുമരുകളിൽ ഒതുങ്ങി ഞാൻ
എന്നിലിനി ഓർമ്മകൾ മാത്രം
ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം?
ഓർമ്മിക്കണം എന്ന വാക്കു മാത്രം.!



ലേഖനം

നിദ നൗഷാദ് VIII C

# പ്രളയം നമുക്കു നൽകിയ പാഠങ്ങൾ

മുമ്പെങ്ങുമില്ലാത്ത വിധം ഒരു ഭീഷണിയായ് കേരളത്തിൽ പ്രളയം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്നല്ല രണ്ടുതവണയാണ് പ്രളയം നമ്മെ പരീക്ഷിച്ചത്. എന്തുകൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാട് ഈ ഭീഷണി തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ എല്ലാവരുടേയും മനസ്സിൽ ഓടിയെത്തേണ്ട ഒരു ചോദ്യമാണിത്. ഉത്തരം ഇതാണ് പ്രകൃതി ദുരന്തങ്ങൾക്കെല്ലാം കാരണം നാം തന്നെയാണ്. മലനിരകളും കാടും മേടും പുഴകളും കേരങ്ങളും തിങ്ങിനിറഞ്ഞ ഒരു മനോഹരമായ നാട്!! ദൈവത്തിന്റെ സ്വന്തം നാടെന്നു വിശേഷിപ്പിക്കപ്പെട്ട നമ്മുടെ നാടിന്ന് കെട്ടിടസമുച്ചയങ്ങളും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യക്കൂമ്പാരങ്ങളും കൊണ്ട് മറ്റെന്തോ ആയി മാറിയിരിക്കുന്നു. നമ്മൾ പാലിച്ചിരിക്കേണ്ടതും പഠിച്ചിരിക്കേണ്ടതുമായ പാഠങ്ങൾ പ്രകൃതി പ്രളയത്തിന്റെ ഭാഷയിൽ വന്ന് നമ്മെ ഓർമിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആ വലിയ പാഠം ഇതാണ് പ്രകൃതിയോടെതിർത്താൽ പ്രകൃതി നമ്മെയും എതിർക്കും. ഇതു നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. പക്ഷേ നമ്മൾ അത് ചെവിക്കൊള്ളുന്നില്ല. ഇനിയും നമ്മൾ ഇങ്ങനെ ബധിരത നടിക്കുകയാണെങ്കിൽ ഇനിയൊരു പ്രളയത്തോടെ നമ്മുടെ കേരളം മുഴുവൻ വെള്ളത്തിലാവുകയും ചെയ്യും. ഇത്രയും വലിയ പാഠങ്ങൾ നമുക്ക് നൽകിയിട്ടും പ്രകൃതിയെ നമ്മൾ നിരന്തരം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉറ്റവരെ നഷ്ടപ്പെട്ട് അനാഥരായവർ ഉൾപ്പെടെ ദുരിതങ്ങൾ പേറുന്നവർ ഏറെ... പ്രകൃതി എന്തെന്തു പാഠങ്ങൾ നൽകിയാലും നാം പഠിക്കുന്നില്ല എന്നതാണ് വാസ്തവം. ഒരു മരം നശിപ്പിക്കുമ്പോൾ നൂറു മരം നടണമെന്ന് പണ്ടുള്ളവർ പറഞ്ഞുവെച്ചത് വെറുതെയല്ല. പരിശ്രമിച്ചാൽ മനുഷ്യന് സാധിക്കാത്തതായി ഒന്നുമില്ല. നാം 99 ശതമാനം പരിശ്രമിച്ചാൽ ദൈവം ഒരു ശതമാനം ചേർക്കും. ഇനിയും നമ്മുടെ നാട്ടിൽ മാറ്റങ്ങൾ വരും. എന്തായാലും നാം പ്രകൃതിയെ സംരക്ഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാവുക.. പ്രകൃതിയെ മാലിന്യ കൂമ്പാരമാക്കാതിരിക്കുക. ഈ പാഠം എന്നും നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടായി കേരളത്തെ മാറ്റിയെടുക്കാനും



നല്ലൊരു നാളെയെ സൃഷ്ടിക്കാനും നമുക്ക് കഴിയും. ഇനിയൊരു പ്രളയം ഉണ്ടാകാതെ കേരളത്തെ സംരക്ഷിക്കാനും നമുക്കു സാധിക്കും. വീണ്ടുമൊരു പ്രളയക്കെടുതിഉണ്ടാവാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം, നമുക്ക് പ്രാർത്ഥിക്കാം.

Poem

Shiyona Sajith
X C



# A Sprinkling Star in a Rainy Night

It scared me first
when it rained,
The moon lost its glaze,
Moves into the dark
I saw the budding twigs
going to lose their life
But in that cloudy night
A star still twinkles to me
The frozen windows wre opened
Green leaves were rustling
Between the leaves the exquisite star
Talks to me as it dwells
The shower smears me with beauty
I feel the love
When I look up, the dreamy sky
Twinkle and cuddle me slowly
I understood nothing but
The drops were sorrow of the star
Why it is grieving?
Or is he furious to someone?
But the drops from heaven
Bring pleasure and pleasure
That lovely rain was a dreamy one
The sparkling star still peeps from there.

കഥ

ശിവാനി പി എം, XC

# അമ്മയുടെ ശാപം




**പെ**രുമഴ പെയ്യുന്ന ആ രാത്രിയിൽ തെരുവോരത്ത് ആ കൊടിയ മഴ ഞാൻ തനിയെ നനഞ്ഞു. മുത്തുകൾ ചിതറിയോടുന്നതു പോലെ കണ്ണീർത്തുള്ളികൾ എന്റെ കവിൾത്തടങ്ങളെ തഴുകി ഒഴുകി. ഞാൻ ചെയ്ത തെറ്റിനെയോർത്ത് കാലുകൾ ഇടറി നടക്കാൻ വയ്യാതെ ആ പീടികത്തിണ്ണയിൽ ഇരുട്ടിലിരുന്നു. സ്വന്തം നിഴൽ പോലും കൂട്ടിനില്ലാതെ ആ കൂരിരുട്ടിൽ ഞാൻ ഒറ്റയ്ക്ക്...

തെറ്റിന്റെ ആഴക്കടൽ നീന്തിക്കടക്കാൻ വയ്യാതെ എന്റെ അലർച്ച ആ കൂരിരുട്ടിൽ തിങ്ങി നിറഞ്ഞു. കണ്ണിമകൾ അടച്ചു ഞാൻ കാലചക്രത്തെ ഒന്നു പിന്നോട്ടു തിരിച്ചു നോക്കി.
സുനിതയും അമ്മയും എപ്പോഴും വഴക്കായിരുന്നു. അവളുടെ പരാതി കേട്ടു എനിക്ക് മടുത്തു. ഓഫീസിൽ നിന്ന് വീട്ടിലെത്തിയാലും ഒരു സമാധാനവും ഇല്ലാത്ത അവസ്ഥ.
പതിവുപോലെ ഞാൻ വീട്ടിലെത്തിയപ്പോൾ പതിവുപോലെ അവളും അമ്മയും തമ്മിൽ വഴക്കായിരുന്നു.

കയറിച്ചെല്ലുമ്പോൾ കോലായിലെ തൂണു ചാരി അമ്മ എന്തോ പിറുപിറുക്കുന്നു. ഞാൻ അകത്തേക്ക് കയറി.
' ദേ, മനുഷ്യാ ഇങ്ങനെയാണേൽ ഞാനിവിടെ നിൽക്കത്തില്ല. ഞാനെന്റെ മോനെയും കൂട്ടി നാളെത്തന്നെ എന്റെ വീട്ടിലേക്ക് പോകും.'
'അതിനിപ്പോ ഇവിടെ എന്താ സംഭവിച്ചത് ?'
ഇനി എനിക്കു നിങ്ങടെ അമ്മയെ നോക്കാൻ വയ്യ. ചെറിയ കുട്ടികളെ നോക്കുന്നതിലും കഷ്ടാണ്! എനിക്കിനി വയ്യ!! ഒന്നുകിൽ അവരെ ഏതെങ്കിലും വൃദ്ധസദനത്തിലോ അല്ലേൽ എവിടെയെങ്കിലും കൊണ്ടുപോയി തള്ള് ! ഈ ഭാരം ചുമക്കാൻ എന്നെക്കൊണ്ട് വയ്യ !! ഒന്നു കണ്ണു തെറ്റിയാൽ ഇറങ്ങി ഓടും. ഇന്നുതന്നെ കണാരേട്ടന്റെ പീടികയുടെ മുന്നീന്ന് ഞാൻ പിടിച്ചോണ്ട് വരികയായിരുന്നു. ഇനി വയ്യ എനിക്ക്! ഇന്നുതന്നെ ഒരു പരിഹാരം കാണണം. ഒന്നുകിൽ നിങ്ങളുടെ അമ്മ, അല്ലേൽ ഞാൻ.'
ഇത്രയും പറഞ്ഞ് അവൾ അകത്തേക്ക് പോയി.
' ദേ അമ്മേ, ഞാനൊരു കാര്യം പറയാം. വയസ്സായാൽ അടങ്ങിയൊതുങ്ങി എവിടെയേലും ചുരുണ്ടുകൂടി ഇരിക്കണം. എനിക്കിങ്ങനെ എപ്പോഴും നോക്കാൻ വയ്യ. വാ, വേണേൽ ഭക്ഷണം തരാം.
സുനിത അമ്മയ്ക്കുള്ള ആഹാരം എന്റെ കൈയിൽ തന്നു.



' ദാ, വേണേൽ തിന്ന് ' ഞാനത് നിലത്തേക്ക് ശക്തിയിൽ വെച്ചു. അമ്മ ഒന്നും മിണ്ടാതെ അത് കഴിക്കാൻ തുടങ്ങി. അന്ന് വൈകുന്നേരം അമ്മയെയും കൂട്ടി ഞാൻ വീട്ടിൽ നിന്നും ഇറങ്ങി. അമ്മയുടെ വളരെക്കാലത്തെ ആഗ്രഹമായിരുന്നു ഗുരുവായൂർ അമ്പലത്തിൽ പോണമെന്ന്. പോകാൻ ആഗ്രഹിച്ചിടത്തു തന്നെ അമ്മയെ ഉപേക്ഷിച്ച് ഞാൻ തനിയെ വീട്ടിലേക്ക് മടങ്ങി.
അന്നു രാത്രി ഞാൻ സുഖമായി ഉറങ്ങി. അന്ന് എന്റെ മകൻ അതൊക്കെ കാണുന്നുണ്ടായിരുന്നു എന്ന് വർഷങ്ങൾക്കു ശേഷം ഞാനും അതേ അവസ്ഥയിൽ എത്തിയപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്.
കൊടുക്കുന്നതേ തിരിച്ചു കിട്ടുകയുള്ളൂ എന്നെനിക്കു മനസ്സിലായി. അന്നു ഞാൻ അമ്മയോടു ചെയ്ത തെറ്റു തന്നെയാണ് ഇന്നെന്റെ മകൻ എന്നോടും ചെയ്തത്. അവനെ കുറ്റപ്പെടുത്താൻ എനിക്ക് ഒരു അർഹതയുമില്ല
മഴയുടെ ശക്തി കൂടി. ഞാൻ ആ പീടികത്തിണ്ണയിൽ നിന്ന് എഴുന്നേറ്റു. ശക്തമായ മഴത്തുള്ളികൾ കഴുത്തിൽ കൊലക്കയറുകൾ പോലെ പതിക്കുന്നു. വേഗം മണ്ണോടു ചേരണേ എന്ന പ്രാർത്ഥനയോടെ എങ്ങോട്ടെന്നറിയാതെ ആ മഴയിൽ ഞാൻ നടന്നു. കൂട്ടം തെറ്റിയ പക്ഷിയെപ്പോലെ കൂട്ടിനായ് ഞാനലഞ്ഞു.



## യാത്രാനുഭവം

ഫാത്തിമത്ത് സുഹ IX B

# മരണം കാത്തു കിടക്കുന്നവർ

ഊട്ടിയിലോ വയനാട്ടിലോ ഒന്നുമല്ല, കഴിഞ്ഞ അവധിക്കാലത്ത് ഞങ്ങൾ യാത്ര പോയത്. ആർക്കും വേണ്ടാതെ ആരുമൊന്ന് തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ കിടക്കുന്ന ചില അമ്മമാരുടെ ഇടയിലേക്കാണ്. തലശ്ശേരി കൊട്ടുവള്ളിയിലെ അഗതിമന്ദിരത്തിലേക്ക്. കണ്ണുകളെ ഈറനണിയിക്കുന്നതായിരുന്നു അവിടത്തെ കാഴ്ചകൾ.



ഞാനും എന്റെ ഗ്രാന്റ്മദറും പിന്നെ എന്റെ അങ്കിളും കൂടെയുണ്ടായിരുന്നു. ആ പ്രദേശമാകെ ശാന്തമായിരുന്നു. പുഴയുടെയും കിളികളുടെയും ശബ്ദം. ഞങ്ങൾ അവിടെ കയറിച്ചെല്ലുമ്പോൾ ഒരു സ്ത്രീ പുറത്ത് ഇരിക്കുന്നുണ്ടായിരുന്നു. അവരുടെ പേര് മറിയാമ്മ എന്നാണ്. എല്ലാവരും അവരെ മറിയമ്മച്ചേച്ചി എന്നാണ് വിളിക്കുന്നത്. അവർ ഞങ്ങളെ ഉള്ളിലേക്ക് കൊണ്ടുപോയി. ഉള്ളിലേക്ക് കടന്നപ്പോഴാണ് ആ അഗതി മന്ദിരത്തിലെ അന്തേവാസികളുടെ ദൈന്യത ശരിക്കും ബോധ്യപ്പെട്ടത്. പകുതി അന്തേവാസികളും കിടപ്പിലാണ്. അവരൊക്കെയും മരണം കാത്ത് കിടക്കുന്നതു പോലെ തോന്നി. അവർക്ക് കാത്തിരിക്കാനായി ആരുമില്ല. ചിലർ മൂക്കിൽ ട്യൂബുമിട്ടാണ് കിടക്കുന്നത്. അതു കണ്ടപ്പോൾ ഞാനാകെ തളർന്നു പോയി. മക്കളെ കഷ്ടപ്പെട്ട് വളർത്തി വലുതാക്കിയിട്ട് ഒന്നു തിരിഞ്ഞു നോക്കുക പോലും ചെയ്യാത്ത മക്കൾ! ആ അമ്മമാരുടെ മനസ്സിലെ വേദന എത്രമാത്രമായിരിക്കും!! അവിടത്തെ ഓരോ അമ്മമാർക്കും വേദനയുടെയും സങ്കടത്തിന്റെയും ഒരുപാട് കഥകൾ പറയാനുണ്ട്. മക്കളെക്കുറിച്ച് പറയുമ്പോൾ അവരുടെ കണ്ണുനിറയുന്നു. അവിടെ നമ്മൾ ഏറ്റവും അഭിനന്ദിക്കേണ്ടത്

അവരെയെല്ലാം ശുശ്രൂഷിക്കുന്ന കന്യാസ്ത്രീകളെയാണ് -ആരോരുമല്ലാത്ത, മുമ്പ് അറിയുക പോലുമില്ലാത്ത ആ അമ്മമാരുടെ മലവും മൂത്രവും കഴുകി വൃത്തിയാക്കുന്ന ആ കന്യാസ്ത്രീകളെ!

ആ അമ്മമാരുടെ ദൈന്യതയെ കുറിച്ച് ഓർത്തുകൊണ്ട് വേദനയോടെയാണ് ഞങ്ങൾ ആ പടിയിറങ്ങിയത്. അവരുമായി കുറച്ചു സമയം പങ്കിട്ടത് അവർക്ക് അല്പമെങ്കിലും സന്തോഷം പകർന്നിട്ടുണ്ടാവും എന്നാണ് എന്റെ വിശ്വാസം. കുട്ടികളും മുതിർന്നവരുമെല്ലാം ഇടയ്ക്ക് അവരെ സന്ദർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആരെങ്കിലുമൊക്കെ അവരെ അന്വേഷിക്കുന്നു, അവരുടെ സുഖവിവരങ്ങൾ ആരായുന്നു എന്ന ചിന്ത ഒറ്റപ്പെടലിന്റെ വേദനയിൽ ഉരുകുന്ന അവർക്ക് ആശ്വാസം പകരുക തന്നെ ചെയ്യും.




**राजु और नेहा साथ स्कूल का काम करू रहे थे/**
**राजु: नेहा अपनी जीभ से कागज काट दो।**
**नेहा: वो कैसे।**
**राजु: क्योकि पापा कहते है की तुम्हारी जीभ कैची से भी तेच चलती है...।**
**राजु: एक दिन रास्ते से जा रहा था तो उसे बीस रूपसे का नोट मिला वह बहुत खुश हुआ और घर जा के माँ से कहा।**
माँः राजु यह तो बीस रुपये मैने भिखारी को दिया था कुछ समय पहले।




ചുമരിന്റെയുള്ളിൽ തളയ്ക്കപ്പെടുന്നൊരീ
ബാല്യകൗമാരത്തിൻ സങ്കടങ്ങൾ
നാലാം ചുമരിന്റെ അക്കരെയുള്ളയാൾ
ബന്ധനത്തിൻ മതിൽ കാൺമതുണ്ടോ?
ഗൾഫിലും ഷാർജ തൻ പൊരിവെയിലത്തുമായ്
അറബിതന്നടിമത്ത ചുമരിനുള്ളിൽ
വെയിലിലും കുളിരിലും മഞ്ഞിലും മഴയിലും
സങ്കടച്ചുമരിലാണിന്നു ഞങ്ങൾ
കണ്ണീരു പോലുമേ കാണുവാനാളില്ല
സങ്കടം പോലുമേകേൾക്കുവാനാളില്ല
കൈത്താങ്ങു തന്നിടാനച്ഛനുമിന്നില്ല
ജീവിതത്തടവറയ്ക്കുള്ളിലാണിന്നു ഞാൻ.
പാഠവുമില്ല, പഠിത്തവുമില്ലിങ്ങ്
പാഠം പഠിക്കുവാൻ ചുമരിന്റെയതിരുകൾ
ആരോരുമില്ലെന്നെ രക്ഷിക്കുവാനിന്ന്
ആർക്കാനുമോ വേണ്ടി ഞങ്ങൾ ജീവിക്കുന്നു.
ജീവിതത്തടവറച്ചു വരുകൾക്കുള്ളിലെ
മോക്ഷത്തിനായെന്നും കാത്തിരിക്കുന്നു ഞാൻ.

Story

Shiyona Sajith, X C

# A HORRIBLE NIGHT



It was raining incessantly. Lara was in her room ,under the blanket.
Al those howling and blowing of wind woke up everyone.
The heavy rain and storm made her parents and brothers panic.

Lara does n't know what was happening outside.
Horrible sounds could be heard .She went out to see what is happening.

"My God! Where is my house? Dad ? Mom..where are you?"
-She screamed loudly, but nobody answered. Her puppy Julie was there ,searching here and there and of course , howling like anything.

After a short while, somebody who came to see , told her that it was a landslide.That horrible landslide took away her parents and brothers . Lara was hospitalised. Still she could n't make out what had haooened actually. She wanted to see her Mom and Dad..where are they?

A lady named Rosie visited Lara and took permission from the doctors and other officials to take Lara with her. Lara still could n't realize that now she was an orphan ,there was nobody for her in this world except this Rosie aunty. Rosie was like her own mother. She loved her with her whole heart.
After all Rosie had no one else in this world to love.

One day some relatives of her Dad came .They wanted to take her with them . Rosi could not control her tears.

**“When we are alive, you need not live with a vagabond. We will look after you,come with us “**

**Lara didn’t want to leave Rosie . But she was not in a condition to disobey her relatives. Days passed. Her life in that new place was not at all satisfying for Lara. They don’ like her puppy But where ever she went she would take her puppy with her. Gradually her relatives began to show their true colours. Lara could not put up with the aggressive behaviour of her aunty. Every now and then she would find some mistakes in whatever Lara had done and found pleasure in scolding her.**

**“ Julie, let’s not tolerate this any more..come” They ran away from there.**

**Some children noticed that a girl was walking alone with her puppy. They came to talk to her. At first she was reluctant to talk to strangers But later they became thick chums. The whole place was devastated by the landslide. Mothers were crying for their babies.. fathers were still in search of their children .Even after many days the rescue workers could not recover the dead bodies of many, who travelled beyond the vast screen of time.**

**One day Lara met Rosie Aunty. She was all tears. She could not control her happiness .It knew no bounds. Together they decided to work for the desolate who had lost everything.**

**“All these are the result of atrocities man had done to nature. Somehow we have to stop this. Let’s do something. Will you be with me “ She asked Rosie.**

**Some people noticed this selfless service of Lara and her friends. They too joined and together they could put the problems of the homeless and desolate people to the notice of authorities. They recognised their work.**

**Slowly and slowly , that single step of Lara became a giant leap with thousands taking part. It became a movement, a revolution and a transformation finally.**

**Even now, after many years Lara could remember that horrible night when she had lost her dear ones. But she can see the blissful smile of her parents from Heaven. They are looking on , as their darling daughter is in the fore front of a movement that is saving our mother Earth.**

കഥ
ഷിബില ഷിറിൻ X A

# വർഷങ്ങൾക്കു ശേഷം



അറിയിപ്പു മണിയുടെ ശബ്ദം കേട്ടാണ് അവളുണർന്നത്. ആരാണ് വാതിൽക്കൽ?!

വാതിൽ തുറക്കുന്നതിനു മുമ്പ് അവളൊന്ന് ചിന്തിച്ചു. സാധാരണ ജനലിലൂടെ നോക്കി. ആളാരാണെന്നറിഞ്ഞതിനു ശേഷമേ വാതിൽ തുറക്കാറുള്ളൂ. പിന്നെന്തിന് ആ പതിവ് തെറ്റിക്കണം? അവളുടെ മനസ്സിന് ഇന്നെന്തോ, അല്ല ഇപ്പോഴെന്തോ ഒരു ചെറിയ വിങ്ങൽ. ആളാരാണെന്നറിയാനുള്ള ആകാംക്ഷ അവളിലുണ്ടായിരുന്നില്ല.

അറിയിപ്പു മണിയുടെ വിളി കേട്ടില്ല എന്നു തോന്നിയതിനാലാകണം പിന്നീട് ഒരാൺ സ്വരത്തിൽ 'ഇവിടാരുമില്ലേ' എന്ന ചോദ്യം.

ആ വീട്ടിൽ ആകെ വരാറുള്ളത് അമ്മുവിനെ കാണാൻ അവളുടെ ടീച്ചർമാരും സുമേച്ചിയും തന്റെ പഴയ ഏതെങ്കിലും കൂട്ടുകാരികളോ പിന്നെ മുമ്പിവിടെ നിന്നിട്ടുള്ള ആശേച്ചിയെ അന്വേഷിച്ചു വല്ലപ്പോഴും വരുന്നവരുമാണ്. വീടുമാറിപ്പോയതോടെ ഇപ്പോൾ സുമേച്ചിയും വരാറില്ല. ഒടുവിലവൾ മുകളിലെ ജനാല പാതി തുറന്നു.

ആദ്യം കണ്ടത് സുന്ദരമായ നെറ്റിത്തടങ്ങളാണ്. അതു കണ്ട അവൾ അതാരെന്ന് അറിയാൻ ആഗ്രഹിച്ചു. ജനാല മുഴുവനായി തുറന്നു.

ലക്ഷണമൊത്ത മുഖം.

അല്ല, ഈ മുഖം മുമ്പെവിടെയോ പരിചയമുണ്ടല്ലോ.! ഒരു പക്ഷേ അത് അമ്മുവിന്റെ

പുതിയ സാറാവും. അതിന് എനിക്ക് സാറിനെ മുമ്പ് പരിചയമില്ലല്ലോ.

അവളുടെ കണ്ണുകൾ മാത്രം കണ്ട അയാൾ ചോദിച്ചു:

'അമയയുടെ വീടല്ലേ ഇത്?'

അവൾ അതെയെന്ന് ഉച്ചത്തിൽ പറഞ്ഞു കൊണ്ട് വാതിൽ തുറന്നു. വാതിൽപ്പടിയുടെ ഇരു ഭാഗങ്ങളിലും നേർക്കുനേർ നിന്ന് ഒരു നിമിഷം രണ്ടു പേരും പരസ്പരം നോക്കി നിന്നു. അവളുടെ കണ്ണുകളിൽ നിന്ന് എന്തെന്നറിയാതെ കണ്ണുനീർ തുള്ളികൾ ഇറ്റുവീണു. കാലമേല്പിച്ച വ്യതിയാനങ്ങൾ കൊണ്ടാവണം ഇരുവർക്കും ശബ്ദം പോലും തിരിച്ചറിയാൻ കഴിയാതെ പോയത്.

' അശ്വതീ...' അയാൾ വിങ്ങലോടെ വിളിച്ചു. ആ വിളി അയാളിലേക്കുള്ള അവളുടെ നോട്ടത്തെ തടഞ്ഞു.

' ശ്രീയേട്ടാ...'

അവളും അറിയാതെ വിളിച്ചു പോയി.

'ഏട്ടനെങ്ങനെ ഇവിടെ ?'

'അപ്പോഴിത് അമയയുടെ വീടല്ലേ?'

'അതെ, അമയ എന്റെ മകളാണ്'

'അല്ല, അങ്ങനെ വരാൻ സാധ്യതയില്ല, കാരണം ആ കുട്ടിക്ക് അച്ഛനില്ല' അയാൾ ഉറപ്പോടെ പറഞ്ഞു.

'എന്റെ മകൾക്കും അച്ഛനില്ല''

ഇതു കേട്ട ശ്രീജിത്ത് വീടിന്റെ ഉമ്മറത്ത് വെച്ച കസേരയിൽ ഇരുന്നു കൊണ്ട് ചോദിച്ചു:

'അപ്പോൾ അരുണോ?'

' അയാൾക്കാവശ്യം എന്നെയല്ല, എന്റെ ശരീരവും പണവുമാണ്. അച്ഛനമ്മമാരില്ലാത്ത എന്നിൽ നിന്ന് സ്വത്തും സമ്പാദ്യവും തട്ടിയെടുക്കുന്നത് അയാൾക്ക് വളരെ എളുപ്പമായിരുന്നു. ഇന്നത്തെ എന്റെ ആകെ സമ്പാദ്യം എന്റെ മകളാണ്. അവൾക്ക് വേണ്ടിയാണ് ഞാൻ ജീവിക്കുന്നത്.'

അവൾ വാതിൽക്കൽ നിന്ന് ഉമ്മറത്തേക്കിറങ്ങി.

'എന്നാലും ' അയാൾ എന്തോ പറയാൻ ശ്രമിച്ചു. പിന്നീടോർത്തു, ഈ മാനസികാവസ്ഥയിൽ എന്റെ ചോദ്യങ്ങൾ അവളിൽ കൂടുതൽ സങ്കടമുണ്ടാക്കും.

അയാൾ ചിന്തിച്ചു: കീറിയ ഉടുപ്പിട്ട് വളർന്ന താനിന്ന് സർക്കാർ ഉ ദ്യോഗസ്ഥൻ. എന്നാലിവളോ? കൗമാരപ്രായത്തിൽ പട്ടുപാവാടയിട്ട് വീടിന്റെ ബാൽക്കണിയിലൂടെ ആരുമറിയാതെ എന്നോട് സംസാരിക്കാറുള്ള അവളാണോ ഇന്ന് ശോഷിച്ച മരത്തെപ്പോലെ...

ശ്രീജിത്ത് പറഞ്ഞു: ഇനി ഞാൻ നിന്നോട് കൂടുതലൊന്നും ചോദിച്ച് നിന്നെ വിഷമിപ്പിക്കുന്നില്ല. എന്തൊക്കെയാണേലും എനിക്കുറപ്പാണ് ഇന്നത്തെ നിന്റെ ഈ ഗതിക്കു കാരണം നിന്റെ അച്ഛനാണ്. പ്രണയത്തിന് സാമൂഹ്യ പദവിയൊന്നും ഒരു വിഷയമല്ല. ഇന്നും ഞാൻ ഒറ്റയ്ക്കാണ്. അന്ന് നീ എന്റെ കൂടെ വന്നിരുന്നെങ്കിൽ നാമിപ്പോൾ സ്വർഗ്ഗതുല്യമായ ജീവിതം നയിച്ചേനെ. നിന്റെ മകൾ എനിക്കൊരു ബാധ്യതയല്ല. നിന്നെയും മകളെയും ഞാൻ പൊന്നുപോലെ നോക്കിക്കോളാം. നിനക്കെന്നെ വിശ്വസിക്കാം. ഞാൻ അരുണല്ല. നിനക്കു സമ്മതമാണെങ്കിൽ.... '

അവൾ പറഞ്ഞു: 'എന്താ ഞാനീ കേൾക്കുന്നത് !!

നമ്മൾ വീണ്ടും...?!!'

അവൾ അയാളുടെ കാൽക്കൽ വീണു കൊണ്ട് പറഞ്ഞു:

ദൈവമേ! ഞാൻ നിന്നിൽ വിശ്വസിക്കുന്നു!'




कोई लाके मुझे दे।
कुछ रंग भरे फूल।
कुछ खट्टे- मिठे फल।
थोडी बाँसूरी की धुन।
थोड़ा जमूना का जल।
कोई लाके मुझे दे।

कोई लाके मुझे दे।
एक छुट्टी वाला दिन।
एक प्यारी सी धूप।
एक अच्छी सी किताबे।
एक छोटा सा सवाल।
एक मीठा सा जवाब।
कोई लाके मुझे दे।




ഒന്നിനെയും വേദനിപ്പിച്ചു കൊണ്ട് ഒന്നും നേടാൻ പാടില്ല എന്നാണ് നാം എന്നും പഠിച്ച പാഠം. 'ഒന്നിനെയും' എന്നതിൽ മനുഷ്യൻ മാത്രമല്ല, പ്രകൃതിയും ഉൾപ്പെടുന്നു. എന്നാൽ ഇന്ന് നമ്മൾ അതെല്ലാം സൗകര്യപൂർവ്വം മറന്നു. മനുഷ്യരെ മാത്രമല്ല, മണ്ണിനെയും വേദനിപ്പിച്ചു കൊണ്ടേയിരിക്കുക എന്നത് നമ്മുടെ ശീലമായി മാറി. കാടുകൾ വെട്ടിനശിപ്പിച്ചും കുന്നിടിച്ചും പുഴയിൽ നിന്നും മറ്റു ജലസ്രോതസ്സുകളിൽ നിന്നും മണൽ വാരിയും ആർത്തിപൂണ്ട മനുഷ്യൻ പ്രകൃതിയെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു.



സ്നേഹനിധിയായ ഭൂമി നമുക്ക് വേണ്ടതെല്ലാം വാത്സല്യത്തോടെ നൽകി. ഒന്നിന് പത്തിരട്ടിയായി വേദന ഭൂമിക്ക് നമ്മൾ തിരിച്ചുനൽകിക്കൊണ്ടിരിക്കുന്നു. ക്ഷമയ്ക്കും ഒരതിരില്ലേ?! സർവംസഹയെങ്കിലും പ്രകൃതി ഇന്ന് മനുഷ്യനു നേരെ തിരിഞ്ഞെതിർക്കുകയാണ്. ആ തിരിഞ്ഞെതിർപ്പാണ് കഴിഞ്ഞ രണ്ടു വർഷങ്ങളായി നമ്മൾ അനുഭവിച്ചു പോന്ന പ്രളയം..!

വർഷങ്ങളുടെ കഠിനാധ്വാനം ഒരു നിമിഷം കൊണ്ട് നിഷ്ഫലമായി. വീടുകൾ തകർന്നടിഞ്ഞു. വിലയേറിയ ജീവനെല്ലാം ഒരു നിമിഷം കൊണ്ട് മണ്ണിനടിയിലായി മാറി.
മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവർ ദൈവങ്ങളായി. ഒന്നും പ്രതീക്ഷിക്കാതെ അവർ മനസ്സറിഞ്ഞ് സഹായിച്ചു.




പ്രളയം ബാക്കി വെച്ച കെടുതികളിൽ നിന്നും നാം മോചിതരാകുന്നതിനു മുമ്പേ തന്നെ രണ്ടാമതും പ്രകൃതി കലി തുള്ളി വന്നു. അപ്പോഴും തന്റെ സഹജീവികളെ വേണ്ടുവോളം സഹായിച്ചുകൊണ്ട് പാവപ്പെട്ട മനുഷ്യർ പ്രളയത്തോട് ഏറ്റുമുട്ടി. അവിടെ പണമോ പദവിയോ ജാതിയോ വർഗ്ഗമോ ഒരു വെല്ലുവിളിയായിരുന്നില്ല. മനസ്സറിഞ്ഞ് സഹായം നൽകുകയായിരുന്നു അവർ.
ഇതിൽ നിന്നെല്ലാം കുറേയേറെ നല്ലപാഠങ്ങൾ നമ്മൾ പഠിച്ചു. പ്രകൃതിയെ മറന്നു കൊണ്ട് നമ്മൾ എന്തൊക്കെ നേടിയാലും അതൊന്നും ശാശ്വതമല്ലെന്ന്! ഒത്തൊരുമയാണ് ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകമെന്നും !! പ്രകൃതി നമുക്ക് തരുന്ന പ്രയാസങ്ങളോരോന്നും ഓരോ പാഠങ്ങളാണ്. ആ പാഠങ്ങൾ ഓരോന്നും നമ്മൾ അവശ്യം പഠിച്ചിരിക്കേണ്ടതും മറക്കാതിരിക്കേണ്ടതുമാണ്. ജീവിതസുഖങ്ങളോട് ആസക്തി കൂടുമ്പോഴാണ് നാം പ്രകൃതിയെ കൈവിട്ടു പോകുന്നത്. നമ്മൾ ഭൂമിയോട് ചെയ്യുന്ന ചെറു തെറ്റുകൾ പോലും നിരപരാധികളും നിസ്സഹായരുമായ മനുഷ്യർ ശിക്ഷിക്കപ്പെടുന്നതിന് കാരണമായിത്തീർന്നേക്കാം. അതു കൊണ്ട് ജീവിതത്തിൽ ലാളിത്യത്തിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുക. മിതമായ സൗകര്യങ്ങളിൽ സംതൃപ്തിയടയുന്ന ഒരു ജീവിത രീതി നാം അനുഷ്ഠിക്കുക. നല്ലതുമാത്രം പ്രവർത്തിക്കുക. ഭൂമിയെ ദ്രോഹിക്കാതിരിക്കുക. തീർച്ചയായും അതു നമ്മുടെ ജീവിതത്തിൽ നൻമയുടെ പ്രകാശം ചൊരിയും.

Essay
Shiyona Sajith X C

# Drug Abuse And Its Bad Effects

Drugs play a crucial role in the life of humans. This substance is an intoxicant which has the power to take away our life. If you need to live on, then better say NO to drugs.

Man has got a life of seventy years. But if we continue to get addicted to drugs, this life span will be decreased gradually. Drugs are prepared from certain chemical substance which is injurious to our health. For all human beings, health is the most important thing in life. When someone starts using drug, it destructs the smooth functioning of internal It organs like lungs, liver etc.  affects our mental health too. It is reported that the number of drug users are getting increased day by day,especially our youth. Children are usually referred to as ‘the future



of our society'. School children are very easy to be trapped by the drug traffickers. Like a spider catching its prey, these ante social elements are waiting to trap children with their web spread out widely. One of the most pathetic situations is that, once caught, the derelict youth are not able to retain their life back. It gradually damages the functioning of the brain,and these poor children prove to be ante socials and a threat to our society itself. Their connections with the outer world seems to be snapped off. Increasing number of de addiction and rehabilitation centres point towards this issue. To a ceratain extend, these de addiction centres can provide solace to the problem. But still an addicted person can never attain his normal life back.

Man has got fundamental rights, but if we tend to misuse our rights and freedom, it is going to be fatal. Moreover drug use can cause many diseases like lung cancer,liver cerocis, kidney failure tongue

**cancer etc. When they are running short of money, they turn to stealing and even to killing others for money. The motive force behind all this is their running after short cuts to seek pleasure.**




**Awareness programmes can be conducted among our youth about the perils of drug abuse. Anti drug campaigns can be conducted in public places, schools, colleges etc. Teachers and parents can play a very significant role in inculcating values in children. Together we can attain a healthy and peaceful society.**

കവിത

ഹിബ ഫാത്തിമ X C

# അസ്തമയം

സായാഹ്ന രശ്മികൾ മനം കവർന്ന്
സാഗര നിരപ്പിലേക്കാണ്ടാണ്ടു പോകുമ്പോൾ
അരുതേ പോകരുതേ എന്നരുളുവാൻ
എൻ മനം കൊതിപ്പൂ
ഇരുൾ മൂടി വന്നൊരു സങ്കടക്കാർമേഘം
എന്നിമകളെ ഈറനണിയിച്ച്
കണ്ണീർമഴയായ് പെയ്തിറങ്ങി.
ജീവിത ചക്രവാളത്തിൽ അസ്തമയത്തിലീ
ദിനകരനെപ്പോലെയിന്നു ഞാൻ.!






एक जगंल मे आम के पेड थे । वहाँ पर एक पेड बहुत घमंडी था क्योकि वह सारे पेडों से खूबसूरत था।

उस पेड पर अगर कोई चिडियाँ अपना घोसला बना की तब वह उसे भगा देता। और अगर कोई मधुमक्खी आकर उसपर अपना छत्ता बनाति तब वह उसे भी भगा देता।

एक दिन उस जगंल में दो लकडहारे आये।उन्हे उस जगंल में सबसे खूबसूरत वह घमंडी पेड लगा बाकि पेड कम खूबसूरत थे
और उनके ऊपर मधुमक्खी के छत्ते थे इसलिए वह उस घमंडी पेड को, काटने लगे।वह घमंडी पेड का सारा घमंडी चूर हो गया। वह पेड रोने लगा और सबसे मदद माँगने मगा सारे पेड ने असली मदद करने के लिए अपने की मधुमक्खी से कहा- "जाओ तुम उस पेड को बच्चाओ।" मधुमक्खी ने कहाँ- "नही उसने हमें अपने पेड पर नही रहने दिया। इसलिए उसे कटने दो।" पेड बोल। "हम में और उस में क्या फरक रह जाएगा। इसलिए तुम जाओ और उसकी मदद करो।"

सारी मधुमक्खी जाकर उन लकडहारो पर चिपक गयी और वह दोनो भाग गये।

अब सारे पेडो पर मधुमक्खी के छत्ते है चिडियो के घोसले है। इसलिए कहते है। घमंड किसी को नही करना चाहिए